6600/എച്ച്/2018/കെ.എസ്.എച്ച്.ഒ. 30..06..2018

## സർക്കുലർ

വിഷയം:- കുടുംബശ്രീ - Ag(06) **അഗ്രി തെറാപ്പി** - മാർഗനിർദേശങ്ങൾ സംബന്ധിച്ച്.

കൃഷിയിലൂടെ ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ശാരീരികവും മാനസികവുമായ വികസനവും വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന അഗ്രി തെറാപ്പി പദ്ധതിയാണ് 'സഞ്ജീവനി'.

**ഉദ്ദേശ്യ-ലക്ഷ്യങ്ങൾ**

1. പരമ്പരാഗതവും നൂതനവുമായ കൃഷി മുറകൾ ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പരിചയപ്പെടുത്തുക
2. ശാരീരികവും മാനസികവുമായ വികസനം സാധ്യമാക്കുക.
3. വിഷരഹിതമായ പച്ചക്കറി കുട്ടികളിൽ എത്തിക്കുക.

**പദ്ധതി വിശദീകരണം**

- ➢ സ്കൂളുകളോട് ചേർന്ന് കുറഞ്ഞത് 2 സെന്റ് സ്ഥലത്തോ ഗ്രോ ബാഗുകളിലോ/ മട്ടുപ്പാവിലോ പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്. ജെ.എൽ.ജി യുടെ കൃഷിഭൂമിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയോ കണ്ടെത്തുന്ന കൃഷിഭൂമിയിലോ കൃഷി ചെയ്യാവുന്നതാണ്.
- ➢ കുട്ടികൾക്ക് കൃഷിയെക്കുറിച്ച് ഒരു ബോധവൽക്കരണ ക്ലാസ് മാസ്റ്റർ കർഷകർ അധ്യാപകരുടെ സഹായത്തോടെ നൽകുക.
- ➢ ഒരു ബഡ്സ്/ ബി ആർ സി സ്ഥാപനത്തിന്റെ ചുമതല ഒരു മാസ്റ്റർ കർഷകയ്ക്ക് നൽകേണ്ടതാണ്. പ്രസ്തുത മാസ്റ്റർ കർഷക സ്ഥാപനത്തിന്റെ കൃഷി സ്ഥലം ആഴ്ചയിൽ ഒരു ദിവസം സന്ദർശിക്കേണ്ടതും ആവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകേണ്ടതുമാണ്.

- ബഡ്സ് / ബി ആർ സി സ്ഥാപനം ഒരു പ്രാവശ്യം സന്ദർശിക്കുന്നതിന് മാസ്റ്റർ കർഷകയ്ക്ക് 100 രൂപ അനുവദിക്കാവുന്നതാണ്. ഇതിനാവശ്യമായ തുക എൻആർഎൽഎം ഫണ്ടിലെ B2.2.4.h ഉപശീർഷകത്തിൽ മാസ്റ്റർ ഫാർമേർ ഹോണറേറിയം എന്ന പേരിൽ ബുക്ക് ചെയ്യേണ്ടതാണ്. ആയതിലേക്കായി മാസ്റ്റർ കർഷക സ്കൂൾ സന്ദർശിച്ചു എന്നത് സ്കൂളിലെ ടീച്ചർ സാക്ഷ്യപ്പെടുത്തേണ്ടത്തി ബ്ലോക്ക് കോർഡിനേറ്റർമാർക്ക് നൽകേണ്ടതാണ്.
- ബ്ലോക്ക് കോർഡിനേറ്റർമാർ മാസത്തിൽ ഒരു ദിവസമെങ്കിലും സ്ഥാപനം സന്ദർശിച്ചു പ്രവർത്തങ്ങൾ വിലയിരുത്തേണ്ടതാണ്

**പരിശീലനം**

- ബഡ്സ് ബിആർസി സ്ഥാപനങ്ങളിലെ അധ്യാപികമാർക്ക് മാസ്റ്റർ കർഷകരുടെയും ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ പരിശീലനം നൽകുക. അര ദിവസത്തെ പരിശീലനമാണ് സംഘടിപ്പിക്കേണ്ടത് .
- ബഡ്സ് ബിആർസി സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് മാസ്റ്റർ കർഷകരുടെയും പരിശീലനം നേടിയ അധ്യാപകരുടെയും നേതൃത്വത്തിൽ പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- പരിശീലനങ്ങൾക്കായി മാസ്റ്റർ കർഷകയ്ക്ക് 200 രൂപ ഓണറേറിയമായി നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക എം കെ എസ് പി ഫണ്ടിലെ മാസ്റ്റർ ഫാർമർ ഹോണറേറിയം ഉപശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതാണ്
- ബഡ്സ്/ബി ആർ സി സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സാധ്യമാകുന്ന തരത്തിലുള്ള കൃഷി രീതികളായിയിരിക്കണം പരിശീലിപ്പിക്കേണ്ടത്.
- ഓരോ സ്കൂളുകൾക്കമുള്ള തുക ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അതത് സ്കൂളുകളുടെ അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്. ഓരോ സ്ഥാപനങ്ങളിലേക്കും ആവശ്യമായ നടീൽ വസ്തുക്കൾ, ഗ്രോ ബാഗ്, മറ്റു അവശ്യ വസ്തുക്കൾ എന്നിവയുടെ ലിസ്റ്റ്, ചെലവാകുന്ന തുക അധ്യാപികമാർ തയ്യാറാക്കി ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെ അറിയിക്കേണ്ടതാണ്. ആയതു ബ്ലോക്ക് കോർഡിനേറ്റർ മാർ ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്

- പദ്ധതിക്കായി ഒരു സ്കൂളിന് പരമാവധി ഈ സാമ്പത്തിക വർഷം 5000 രൂപ ചെലവാക്കാവുന്നതാണ്. ഇതിനാവശ്യമായ തുക എൻആർഎൽഎം ഫണ്ടിലെ B.2.2.5.0 ഉപശീർഷകത്തിൽ 'സപ്പോർട്ട് ടു ബഡ്സ്/ബിആർസി' എന്ന പേരിൽ ബുക്ക് ചെയ്യേണ്ടതാണ്.

- കുടുംബശ്രീ യൂണിറ്റുകൾ, വിഎഫ്പിസികെ, കേരള കാർഷിക സർവകലാശാല, മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങാവുന്നതാണ്.

**ഡോക്യുമെന്റേഷൻ**

- പദ്ധതിയിൽ പങ്കെടുക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ലാമിഷനിൽ സൂക്ഷിക്കേണ്ടതാണ്.
- പരിശീലനത്തിന്റെ അറ്റൻഡൻസ് ഫോട്ടോ എന്നിവ ജില്ലാ പ്രോഗ്രാം മാനേജർമാർ സൂക്ഷിക്കേണ്ടതുമാണ്.
- മാസ്റ്റർ കർഷകർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്.
- വെബ്സൈറ്റ് അപ്ഡേഷൻ ജില്ലാ പ്രോഗ്രാം മാനേജർമാർ കൃത്യസമയത്ത് നിർവഹിക്കേണ്ടതാണ്.
- ഈ പദ്ധതി പ്രകാരം ഓരോ സ്കൂളിലും കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതിയും, ഉണ്ടായ ഉല്പാദനവും (ഏത് ഇനം പച്ചക്കറി, എത്ര കിലോ), വില്പനയിലൂടെ ലഭിച്ച തുകയും, ഈ പദ്ധതി കൊണ്ട് ഉണ്ടായ മാറ്റവും കൃത്യമായി ജില്ലാമിഷൻ കോർഡിനേറ്റർ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

പകർപ്പ്
1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. വെബ്സൈറ്റ്

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ(അഗ്രി)